(ബി) ഇങ്ങനെ സൗകര്യമുള്ള കേന്ദ്രങ്ങൾ സർക്കാർ എവിടെയെല്ലാം തുറന്നിട്ടുണ്ട്;

(സി) സ്വകാര്യമേഖലയിലെ ഇത്തരം കേന്ദ്രങ്ങളെ സംബന്ധിച്ച് വിനോദ സഞ്ചാരികളുടെ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പരാതികളിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) :

(എ) ഉണ്ട്.

(ബി) ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള 70 ആയുർവ്വേദ കേന്ദ്രങ്ങൾ നിലവിലുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇല്ല.

(ഡി) ബാധകമല്ല.

സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന

9 [*93] ശ്രീ. ടി. കെ. ദേവകുമാർ:
" എം. വി. ജയരാജൻ:
" പിരപ്പൻകോട് മുരളി:
" മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള റോഡുകളുടെയും പാലങ്ങളുടെയും പണി പ്രസ്തുത മാർഗ്ഗ നിർദ്ദേശമനുസരിച്ചാണോ നടക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ആകെ പണിയുടെ എത്ര ശതമാനമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രയോജനം കിട്ടേണ്ടത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം നടത്തിയിട്ടുള്ള പണികളുടെ എത്ര ശതമാനം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) എസ്. ജി. ആർ. വൈ. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ സംസ്ഥാന സർക്കാരും ഗ്രാമ വികസന കമ്മീഷണറും ഇറക്കിയ ഉത്തരവും സർക്കുലറും അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരിശോധിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥൻമാരുടെ പരിശോധന ആനുകാലിക റിപ്പോർട്ടിംഗ്, കേന്ദ്ര സർക്കാർ നിയോഗിക്കുന്ന സംസ്ഥാനത്തിന് പുറത്തുനിന്നുള്ള നാഷണൽ ക്വാളിറ്റി മോണിറ്റേഴ്സ് നടത്തുന്ന നേരിട്ടുള്ള പരിശോധന എന്നിവ മുഖേന ഇക്കാര്യം ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ എം. പി. മാരുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളും ഇക്കാര്യം ഉറപ്പുവരുത്തുന്നു.

(സി) ഗ്രാമ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ 50 ശതമാനം തുക പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കേണ്ടതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ അവർക്ക് ലഭിക്കുന്ന വിഹിതത്തിന്റെ 22.5 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന കുടുംബങ്ങളുടെ സ്വന്തം ഭൂമിയിൽ അവർക്ക് പ്രയോജനകരമായ ആസ്തികൾ ഉണ്ടാക്കുന്നതിനായി വിനിയോഗിക്കേണ്ടതാണ്.

(ഡി) ഈ പദ്ധതിപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെട്ട ചെലവിന്റെ ശതമാനം ചുവടെ ചേർക്കുന്നു:

		ആകെ ചെലവിന്റെ
2002-03	-	25.26%
2003-04	-	27.41%
2004-05	-	33.04%
2005-06	-	34%

(ജനുവരി 2006 വരെ)

ശബരിമലയുടെ വികസനം

10 [*94] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന് വേണ്ടി ടൂറിസം വകുപ്പ് എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടത്;

(ബി) അതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലായി?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) (i) എരുമേലിയിൽ യാത്രിനിവാസ്

(ii) കുളനടയിൽ പിൽഗ്രിം അമിനിറ്റി സെന്റർ

(iii) വടശ്ശേരിക്കരയിൽ ഹോട്ടൽ കോംപ്ലക്സ്, സ്നാനഘട്ടം

(iv) പന്തളത്ത് ബാത്ത്റൂം കോംപ്ലക്സ്

(v) തിരുവല്ലയിൽ സത്രം കോംപ്ലക്സ്

LIBRARY ARCHIVES Kerala Legislative Assembly